# Athmaraksha.org

ദൈവത്തിന്റെ കരുണയും, സ്നേഹവും, സംരക്ഷണവും

## വാർദ്ധക്യം മഹത്വത്തിന്റെ സമയമെന്ന് ഫ്രാൻസീസ് പാപ്പ



സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഫ്രാൻസീസ് പാപ്പാ 20 രാജ്യങ്ങളിൽനിന്ന് എത്തിച്ചേർന്ന പ്രായം ചെന്നവരുമായി കൂടിക്കാഴ്ച നടത്തി. ഈ കൂടിച്ചേരലിന്റെ ഏറ്റവും വലിയ പ്രത്യേകത എമിരറ്റസ് പോപ്പ് ബനഡിക്ട് പതിനാറാമൻ പാപ്പയുടെ സാന്നിദ്ധ്യമായിരുന്നു. വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളും ഈ കൂട്ടായ്മയിൽ ഉൾപ്പെട്ടിരുന്നു.

ഫ്രാൻസീസ്പാപ്പയോടൊപ്പം സമയം ചെലവഴിച്ച് പാപ്പയുമായി ജീവിതാനുഭവ ങ്ങൾ പങ്കുവയ്ക്കുന്നതിനും, പരിശുദ്ധപിതാവിന്റെ ദൃഷ്ടാന്തകഥകൾ അതീവശ്രദ്ധയോ ടെ ശ്രവിച്ച് വാർദ്ധക്യത്തിലും ജീവിതത്തിന്റെ സൗന്ദര്യം എങ്ങനെയാണെന്ന് പാപ്പയുടെ വാക്കുകളിൽ നിന്നും മനസ്സിലാക്കുന്നതിനും വേണ്ടിയാണ് വാർദ്ധക്യത്തിലെത്തിയവർ ഈ ഒത്തുചേരലിനായി എത്തിയത്.

പുരോഹിതർ, ദമ്പതിമാർ തുടങ്ങി ജീവിതത്തിലെ എല്ലാ അവസ്ഥകളിലുമുള്ളവർ ഈ കൂട്ടായ്മയിൽ ഒന്നുചേർന്നിരുന്നു. ഇറാഖിൽനിന്നും പലായനംചെയ്യപ്പെട്ട ദമ്പതി മാരായ മുബാറക്കും അനീസ് ഹാനോയും, ഇസ്ലാമിക്‌രാഷ്ട്രങ്ങളിൽനിന്നു ഓടിപ്പോ രേണ്ടിവന്ന വിധവകളും, ഭാര്യമാരെ നഷ്ടപ്പെട്ട ഭർത്താക്കന്മാരും ഈ സമ്മേളനത്തിൽ സംബന്ധിക്കാനെത്തിയിരുന്നു.

ഫ്രാൻസിസ് പാപ്പാ പറയുന്നു."വാർദ്ധക്യം എന്നത് മഹത്വത്തിന്റെ സമയമാണ്. ദൈവം അവിടുത്തെ ആഹ്വാനത്തെ പുതുക്കുന്ന സമയമാണിത്. നമ്മുടെ വിശ്വാസത്തെ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നതിനായി നമ്മെ ആഹ്വാനം ചെയ്യുന്ന സമയം കൂടിയാണിത്. പ്രാർത്ഥിക്കാനായി അവിടുന്ന നമ്മെ ആഹ്വാനം ചെയ്യുന്നു. ലോകത്തിനുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കാൻ ദൈവം നമ്മോട് പറയുന്നു. ദൈവത്തോട് ഏറ്റവും അടുത്ത ബന്ധം പുലർത്താനാണ് ഈ സമയത്ത് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്."